2025 APRIL
07
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## നാടുകടത്തിയ പൗരന്മാരെ തിരികെ സ്വീകരിച്ചില്ല; മുഴുവൻ ദക്ഷിണ സുഡാൻകാരുടെയും വിസ റദ്ദാക്കി യുഎസ്

**വാഷിങ്ടൻ:** അനധികൃത കുടിയേറ്റത്തിന്റെ പേരിൽ നാടുകടത്തിയ പൗരന്മാരെ തിരികെ സ്വീകരിക്കാൻ ദക്ഷിണ സുഡാൻ സർക്കാർ തയാറാകാത്തതിനെ തുടർന്ന് ആ രാജ്യത്തുനിന്നുള്ള മുഴുവൻ ആളുകളുടെയും വിസ റദ്ദാക്കി യുഎസ്. അനധികൃത കുടിയേറ്റത്തിന്റെ പേരിൽ നാടുകടത്തുന്ന പൗരന്മാരെ അതതു രാജ്യങ്ങൾ സ്വീകരിക്കണമെന്ന് യുഎസ് നേരത്തേ വ്യക്തമാക്കിയിരുന്നു. ഇതു പാലിക്കാത്തവർക്ക് തിരിച്ചടിയുണ്ടാകുമെന്നും യുഎസ് സ്റ്റേറ്റ് സെക്രട്ടറി റൂബിയോ മുന്നറിയിപ്പു നൽകിയിരുന്നു. ആഫ്രിക്കൻ രാജ്യമായ ദക്ഷിണ സുഡാൻ ഇതു ലംഘിച്ചതോടെയാണ് നടപടി നേരിടേണ്ടിവന്നത്.

നിലവിൽ യുഎസ് വീസ കൈവശംവച്ചിരിക്കുന്നവരുടെ വിസ റദ്ദാക്കിയെന്നും ഇനി വിസയ്ക്ക് അപേക്ഷിക്കുന്ന ദക്ഷിണ സുഡാൻ പൗരന്മാരുടെ അപേക്ഷകൾ നിരസിക്കപ്പെടുമെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി റൂബിയോ വ്യക്തമാക്കി. രാജ്യം വീണ്ടും സഹകരിച്ചാൽ ഈ നടപടികൾ പുനഃപരിശോധിക്കാൻ യുഎസ് തയാറാകുമെന്നും റൂബിയോ വ്യക്തമാക്കി.

2011ൽ സുഡാനിൽനിന്നു വിഘടിച്ച് രൂപീകൃതമായ പുതിയ രാജ്യമാണ് ദക്ഷിണ സുഡാൻ.

എന്നാൽ രണ്ടു വർഷങ്ങൾക്കു മുൻപ് പ്രസിഡന്റും വൈസ് പ്രസിഡന്റും തമ്മിലുള്ള ഭിന്നതയുടെ ബാക്കിപത്രമായി രാജ്യം ആഭ്യന്തര കലാപം നേരിടുകയാണ്. ഇതുവരെ നാലുലക്ഷത്തോളം പേർ കൊല്ലപ്പെട്ടുവെന്നാണ് പുറത്തുവരുന്ന വിവരം. ദക്ഷിണ സുഡാനിലെ എംബസിയിൽനിന്ന് അത്യാവശ്യക്കാരല്ലാത്ത ജീവനക്കാർ എത്രയുംപെട്ടെന്നു മടങ്ങണമെന്ന് മാർച്ച് എട്ടിന് യുഎസ് ആവശ്യപ്പെട്ടിരുന്നു.

## പുതിയ പാമ്പൻ റെയിൽപാലം പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിനു സമർപ്പിച്ചു

**ചെന്നൈ:** രാജ്യത്തെ ആദ്യ വെർട്ടിക്കൽ ലിഫ്റ്റ് കടൽപാലമായ രാമേശ്വരത്തെ പുതിയ പാമ്പൻ റെയിൽപാലം പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിനു സമർപ്പിച്ചു. തുടർന്നു രാമേശ്വരത്തുനിന്ന് താംബരത്തേക്കുള്ള പുതിയ ട്രെയിൻ സർവീസ് പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു. ഈ ട്രെയിൻ കടന്നുപോയതിനുശേഷം പാലത്തിന്റെ വെർട്ടിക്കൽ ലിഫ്റ്റ് സ്പാൻ ഉയർത്തി തീരസംരക്ഷണസേനയുടെ ചെറുകപ്പൽ അടിയിലൂടെ കടത്തിവിടും.

രാമേശ്വരത്തെ ഇന്ത്യയുടെ മറ്റ് ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന 110 വർഷം പഴക്കമുള്ള പാലത്തെയാണ് പുനർനിർമിച്ചത്. 99 തൂണുകളോടു കൂടിയ പാലത്തിന് 2.08 കിലോമീറ്ററാണ് നീളം. 1910ൽ ബ്രിട്ടീഷുകാർ നിർമാണം തുടങ്ങിയ പഴയ പാമ്പൻ പാലം 1914ലാണ് ഗതാഗതത്തിന് തുറന്നു കൊടുത്തത്. 1964ലെ ചുഴലിക്കാറ്റിൽ പാമ്പൻ-ധനുഷ്കോടി പാസഞ്ചർ ഒഴുകിപ്പോയ അപകടത്തിൽ 126 പേർ കൊല്ലപ്പെടുകയും പാലം ഏതാണ്ട് പൂർണമായി നശിക്കുകയും ചെയ്തിരുന്നു. തുടർന്ന് മെട്രോമാൻ ഇ.ശ്രീധരന്റെ നേതൃത്വത്തിൽ രണ്ടു മാസത്തിനുള്ളിലാണ് പാലം പുനർനിർമിച്ചത്. കാലപ്പഴക്കത്തെത്തുടർന്ന് 2002 ഡിസംബറിൽ പാലം ഡീകമ്മിഷൻ ചെയ്തിരുന്നു. ഇതേത്തുടർന്നാണ് 535 കോടി രൂപ ചെലവിൽ പുതിയ പാലം നിർമിക്കാൻ ആരംഭിച്ചത്.

പഴയ പാലത്തിൽ ലിഫ്റ്റ് സ്പാൻ രണ്ടായി വേർപെടുത്തി ഇരുവശത്തേക്കും ഉയർത്തുകയാണ് ചെയ്തിരുന്നതെങ്കിൽ ലിഫ്റ്റ് സ്പാൻ ലംബമായി ഉയർത്തുന്ന സംവിധാനമാണ് പുതിയ പാലത്തിലുള്ളത്.

ഇത്തരത്തിലുള്ള രാജ്യത്തെ ആദ്യ വെർട്ടിക്കൽ ലിഫ്റ്റ് കടൽപാലമാണിത്. 72.5 മീറ്റർ നീളമുള്ള ലിഫ്റ്റ് സ്പാൻ 5 മിനിറ്റു കൊണ്ട് ഉയർത്താനാകും. ശ്രീലങ്കൻ സന്ദർശനം പൂർത്തിയാക്കിയ ശേഷം ഹെലികോപ്റ്ററിലാണ് പ്രധാനമന്ത്രി രാമേശ്വരത്തെത്തിയത്.



## യുഎസ് നികുതിയെ തോൽപ്പിക്കാൻ ഇന്ത്യയിൽനിന്ന് കയറ്റുമതിയുടെ കുത്തൊഴുക്ക്

**ന്യൂഡൽഹി:** യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ച വ്യാപാര നികുതി വർധന പ്രാബല്യത്തിൽ വരും മുൻപേ പരമാവധി കയറ്റുമതി പൂർത്തിയാക്കാൻ ഇന്ത്യയിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ ശ്രമം. ഇതോടെ, 437 ബില്യൻ ഡോളറിൻറെ കയറ്റുമതി എന്ന ലക്ഷ്യത്തിലേക്ക് രാജ്യം അതിവേഗം അടുക്കുകയാണ്. ശനിയാഴ്ച അർധ രാത്രിയാണ് പുതുക്കിയ നികുതി നിരക്കുകൾ പ്രാബല്യത്തിൽ വന്നത്.

ഇന്ത്യയിൽ നിർമിച്ച ഐഫോണുകൾ അഞ്ച് ചരക്ക് വിമാനങ്ങൾ നിറച്ചാണ് ആപ്പിൾ യുഎസിലേക്ക് കയറ്റി അയച്ചിരിക്കുന്നത്. നികുതി വർധന പ്രാബല്യത്തിൽ വരുമ്പോൾ ഫോണിൻറെ വിലയിൽ ഉണ്ടാകുന്ന വർധന കഴിയുന്നതും ഒഴിവാക്കാനാണിത്. ചൈനയിൽ നിർമിച്ച ഐഫോണുകളും സമാന രീതിയിൽ കയറ്റുമതി ചെയ്യുകയാണ്.

ഇത്തരത്തിൽ നിരവധി ഇലക്ട്രോണിക് ഉത്പന്നങ്ങളുടെ കയറ്റുമതിയാണ് ധൃതഗതിയിൽ കുതിച്ചുയർന്നിരിക്കുന്നത്. ആഭരണ നിർമാതാക്കളാണ് കയറ്റുമതി വർധിപ്പിച്ച മറ്റൊരു വിഭാഗം.

ഏപ്രിൽ ഒന്നു മുതൽ നാല് വരെ മുംബൈയിലെ പ്രഷ്യസ് കാർഗോ ക്ലിയറൻസ് സംവിധാനം വഴിയുള്ള കയറ്റുമതിയിൽ ആറ് മടങ്ങ് വർധനയാണ് രേഖപ്പെടുത്തിയത്. 344 മില്യൻ ഡോളറിൻറെ ഉത്പന്നങ്ങൾ നാല് ദിവസം കൊണ്ട് കയറ്റി അയച്ചു. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 61 മില്യൻ ഡോളറിൻറെ കയറ്റുമതി മാത്രമാണ് ഇതുവഴി നടന്നത്.

തുണിത്തരങ്ങളുടെയും പാദരക്ഷകളുടെയും കയറ്റുമതിയിലും വർധന രേഖപ്പെടുത്തിയിട്ടുണ്ട്. നികുതി വർധന ഉറപ്പായിരുന്ന സാഹചര്യത്തിൽ മാർച്ച് മുതൽ തന്നെ കയറ്റുമതിയിൽ വലിയ തോതിലുള്ള വർധനുണ്ടായിരുന്നു.



## വിദേശ പര്യടനത്തിന് തുടക്കം; രാഷ്ട്രപതി ദ്രൗപതി മുർമു പോർച്ചുഗലിൽ

**ന്യൂഡൽഹി:** രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപതി മുർമു പോർച്ചുഗലിലെത്തി. 27 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഇന്ത്യൻ രാഷ്ട്രപതി പോർച്ചുഗലിൽ എത്തുന്നത്.

1998ൽ കെ.ആർ. നാരായണനായിരുന്നു അവസാനമായി പോർച്ചുഗൽ സന്ദർശിച്ച രാഷ്ട്രപതി. പോർച്ചുഗൽ പ്രസിഡൻറ് മാർസല്ലോ റെബെലോ ഡി സൗസയുടെ ക്ഷണമനുസരിച്ചാണ് സന്ദർശനം.

ഏപ്രിൽ നിന്ന് ഒന്പതിന് രാഷ്ട്രപതി പോർച്ചുഗലിൽ നിന്ന് സ്ലൊവാക്കിയയിലേക്ക് പോകും. 29 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഇന്ത്യൻ രാഷ്ട്രപതി സ്ലൊവാക്കിയ സന്ദർശിക്കുന്നത്. രണ്ട് പ്രധാന യൂറോപ്യൻ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം ശക്തമാക്കാൻ ഈ സന്ദർശനങ്ങൾ സഹായിക്കുമെന്ന് രാഷ്ട്രപതി ഭവൻ അറിയിച്ചു.



സൊസൈറ്റി ടുഡേ
SOCIETY TODAY



നൃത്ത അരങ്ങേറ്റത്തിന് തയ്യാറെടുക്കുന്ന ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ അനധ്യാപക വിദ്യാർത്ഥിനികളായ ബെറ്റി വർഗീസ്, ഷീജ ജോർജ്ജ്, എം. എസ്. സുനിതാറാണി, പി. എസ്. മഞ്ജു എന്നിവർ സർവ്വകലാശാലയിലെ എം. എ. (മോഹിനിയാട്ടം) വിദ്യാർത്ഥിനിയും ഗുരുവുമായ വി. സുഷ്മയ്ക്ക് ഒപ്പം.

# സംസ്കൃത സർവ്വകലാശാലയിലെ വിദ്യാർത്ഥിനികളുടെ നൃത്ത അരങ്ങേറ്റം ഇന്ന് കൂത്തമ്പലത്തിൽ

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിലെ കൂത്തമ്പലം ഏപ്രിൽ ഏഴ് തിങ്കളാഴ്ച വൈകിട്ട് അഞ്ചിന് ഒരു അപൂർവ്വ നൃത്ത അരങ്ങേറ്റത്തിന് സാക്ഷ്യം വഹിക്കുകയാണ്. സർവ്വകലാശാലയിലെ നാല് അനധ്യാപക വിദ്യാർത്ഥിനികളുടെ അരങ്ങേറ്റമാണ് നടക്കുക. സർവ്വകലാശാലയുടെ കാലടി മുഖ്യക്യാമ്പസിലെ ബെറ്റി വർഗീസ് (സർവ്വകലാശാല എഞ്ചിനീയർ), അസിസ്റ്റന്റുമാരായ ഷീജ ജോർജ്ജ്, എം. എസ്. സുനിതാറാണി, പി. എസ്. മഞ്ജു എന്നീ ജീവനക്കാരാണ് അരങ്ങേറ്റം നടത്തുക. സർവ്വകലാശാലയിലെ എം. എ. (മോഹിനിയാട്ടം) നാലാം സെമസ്റ്റർ വിദ്യാർത്ഥിനി വി. സുഷ്മയാണ് ഗുരുവെന്നത് മറ്റൊരു പ്രത്യേകതയാണ്.

ഒന്നര വർഷത്തെ പഠനത്തിന് ശേഷമാണ് അരങ്ങേറ്റം. വൈകിട്ട് ജോലി കഴിഞ്ഞ് അഞ്ചേകാൽ മുതൽ ആറ് വരെയായിരുന്നു ഡാൻസ് പഠനം. ആഴ്ചയിൽ മൂന്ന് ക്ലാസ്സുകൾ. ഭരതനാട്യത്തിലെ പുഷ്പാഞ്ജലിയും ദേവീസ്തുതിയുമാണ് അരങ്ങേറ്റത്തിൽ അവതരിപ്പിക്കുക ഗുരു കൂടിയായ സുഷ്മ പറഞ്ഞു.

വ്യായാമത്തിന് വേണ്ടിയും നൃത്തത്തോടുള്ള താല്പര്യത്തിലുമാണ് നൃത്തപഠനം തുടങ്ങിയത്. ഗുരുവിനെ ഞങ്ങൾ സ്വയം കണ്ടെത്തിയതാണ്. തുടക്കത്തിൽ പത്ത് പേരുണ്ടായിരുന്നു.

പലരും പല ശാരീരിക പ്രശ്നങ്ങളാൽ നൃത്തപഠനം അവസാനിപ്പിച്ചു. ഓഫീസ് സമയം കഴിഞ്ഞ് വൈകിട്ടുള്ള സമയമായിരുന്നു നൃത്തപഠനം. സഹപ്രവർത്തകരുടെയും വീട്ടുകാരുടെയും പ്രോത്സാഹനം നൽകിയ ഊർജ്ജം എടുത്തു പറയേണ്ട ഒന്നാണ് , സർവ്വകലാശാല എഞ്ചീനിയർ കൂടിയായ ബെറ്റി വർഗ്ഗീസ് പറഞ്ഞു.

ഏപ്രിൽ ഏഴിന് വൈകിട്ട് അഞ്ചിന് ചേരുന്ന അരങ്ങേറ്റത്തിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി നിർവ്വഹിക്കും. സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസി മാത്യു അധ്യക്ഷയായിരിക്കും. രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ്, ഫിനാൻസ് ഓഫീസർ സിൽവി കൊടക്കാട്ട് എന്നിവർ പ്രസംഗിക്കും.




# കുസാറ്റിൽ പ്രൊഫസർ എം വി പൈലി അനുസ്മരണ പ്രഭാഷണം നടത്തി

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെൻറ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ കുസാറ്റ് മുൻ വൈസ് ചാൻസലറും, സ്കൂൾ ഓഫ് മാനേജ്മെൻറ് സ്റ്റഡീസ് സ്ഥാപക ഡയറക്ടറുമായ പത്മഭൂഷൺ പ്രൊഫസർ. എം.വി പൈലിയുടെ സ്മരണാർത്ഥം പ്രഭാഷണം സംഘടിപ്പിച്ചു.

മാനേജ്മെന്റ് സ്റ്റഡീസിലെ ആദ്യ ബാച്ച് എംബിഎ വിദ്യാർത്ഥിയും ഛത്തീസ്ഗഡിന്റെ മുൻ ചീഫ് സെക്രട്ടറിയുമായ ഡോ. സുനിൽ കുമാർ ആണ് പ്രൊഫസർ എം.വി പൈലി അനുസ്മരണ പ്രഭാഷണം നടത്തിയത്.

കുസാറ്റ് സെമിനാർ കോംപ്ലക്സിൽ രാവിലെ പത്തുമണിക്ക് നടന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. ജുനൈദ് ബുഷിരി അദ്ധ്യക്ഷത വഹിച്ചു.

കുസാറ്റിലെ എസ്എംഎസ് ൽ ബിരുദം പൂർത്തിയാക്കി 30 വർഷത്തിനു ശേഷം പ്രൊഫസർ പൈലിയെക്കുറിച്ച് സംസാരിക്കാൻ വീണ്ടും കുസാറ്റിലേക്ക് ക്ഷണിക്കപ്പെട്ടതിൽ സന്തോഷമുണ്ട്.' എന്ന് ഡോ. സുനിൽ കുമാർ പറഞ്ഞു. പ്രൊഫസർ പൈലി രചിച്ച നിരവധി പുസ്തകങ്ങളുടെ കളക്ഷൻ തനിക്കുണ്ടെന്നും, ഡൽഹിയിൽ സീനിയർ അഡ്വക്കേറ്റായി പരിശീലിക്കുന്ന തൻറെ മകൻറെ എൽഎൽഎം പഠനത്തിനും അദ്ദേഹം ഒരു പ്രചോദനമായിരുന്നു അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രൊഫസർ എം. വി പൈലിയുടെ ചെറുമകൻ പൈലി വർഗീസ് മുലമറ്റം, മാനേജ്മെൻറ് സ്റ്റഡീസ് പ്രൊഫസർ & ഡയറക്ടർ ഡോ. സക്കറിയ കെ.എ, അസോസിയേറ്റ് പ്രൊഫസർ സ്മാർട്ടി പി മുകുന്ദൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# സംസ്കൃത സർവ്വകലാശാലയിൽ ഇലക്ട്രിക്കൽ ഹെൽപ്പർ

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഇലക്ട്രിക്കൽ ഹെൽപ്പറെ നിയമിക്കുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. യോഗ്യത: എസ്. എസ്. എൽ. സി. തത്തുല്യം, ഇലക്ട്രിക്കൽ ഓവർസീയർ കോഴ്സ് അല്ലെങ്കിൽ ഐ. ടി. ഐ. യോഗ്യരായ ഉദ്യോഗാർത്ഥികൾ യോഗ്യത സർട്ടിഫിക്കറ്റുകളുടെയും പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകളുടെയും അസലും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബയോഡാറ്റയും സഹിതം ഏപ്രിൽ 10 ന് രാവിലെ 10.30ന് സർവ്വകലാശാലയുടെ കാലടി മുഖ്യക്യാമ്പസിലുള്ള ഭരണനിർവ്വഹണ സമുച്ചയത്തിൽ എത്തിച്ചേരണമെന്ന് സർവ്വകലാശാല അറിയിച്ചു.

## കുക്ക് ഒഴിവുകൾ

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ വിവിധ ഹോസ്റ്റലുകളിൽ കുക്ക് തസ്തികയിലുള്ള ഒഴിവുകളിലേയ്ക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. യോഗ്യത: എഴുത്തും വായനയും അറിഞ്ഞിരിക്കണം. പാചകത്തിൽ പ്രാവീണ്യമുണ്ടായിരിക്കണം. ഏതെങ്കിലും ഹോസ്റ്റലുകളിലോ കാന്റീനുകളിലോ സമാനസ്ഥാപനങ്ങളിലോ ഉള്ള പ്രവൃത്തി പരിചയം അഭിലഷണീയമാണ്. പ്രായപരിധി: 45 വയസ്സ്. ശമ്പളം: പ്രതിദിനം 660/. യോഗ്യരായ ഉദ്യോഗാർത്ഥികൾ യോഗ്യത സർട്ടിഫിക്കറ്റുകളുടെയും പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകളുടെയും അസലും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബയോഡാറ്റയും സഹിതം ഏപ്രിൽ ഒൻപതിന് രാവിലെ 10.30ന് കാലടി മുഖ്യക്യാമ്പസിലുള്ള ഭരണനിർവ്വഹണ സമുച്ചയത്തിൽ എത്തിച്ചേരണമെന്ന് സർവ്വകലാശാല അറിയിച്ചു.



## സഹൃദയയിൽ മെഗാ മെഡിക്കൽ ക്യാമ്പ്

**കൊച്ചി:** എറണാകുളം അങ്കമാലി അതിരൂപതയുടെ സാമൂഹിക സേവന വിഭാഗമായ സഹൃദയ പൊന്നുരുന്നിയും റസിഡൻസ് അസോസ്സിയേഷൻ കോർഡിനേഷൻ കൗൺസിലും ( റാക്കോ സംയുക്താഭി മുഖ്യത്തിൽ സൗജന്യ ആയുർവേദ, ജനറൽ മെഡിക്കൽ ക്യാമ്പ് സഹൃദയയിൽ നടത്തി.മെഗാ മെഡിക്കൽ ക്യാമ്പ് ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്തു.സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവള്ളിൽ അദ്ധ്യക്ഷത വഹിച്ചു. കൗൺസിലർ സക്കീർ തമ്മനം മുഖ്യ പ്രഭാഷണം നടത്തി, റാക്കോ സംസ്ഥാന ജനറൽ സെക്രട്ടറി കുരുവിളാ മാത്യൂസ്, ജില്ലാ പ്രസിഡണ്ട് കുമ്പളം രവി, മെറ്റ്നോയ ക്ലിനിക്ക് ഡയറക്ടർ ഡോക്ടർ ജോണി ജെ. കണ്ണംമ്പള്ളി എം എ.ജ അശുപത്രി പി.ആർ.ഒ റെയ്സാ നവോമി, ഡോക്ടർ സി ആൻജോ സി. എസ്. സി ,ഏലൂർഗോപിനാഥ് കെ.കെ.വാമലോചനൻ രാധാകൃഷ്ണൻ കടവുങ്കൽ, ടി. പി. സജീവൻ, ടി. എൻ പ്രതാപൻ , സസൈനബ പൊന്നാനി മംഗലം എന്നിവർ പ്രസംഗിച്ചു

# ശുചിത്വ സാഗരം സുന്ദര തീരം: മെഗാ ശുചിത്വ യജ്ഞം ഏപ്രിൽ 9ന്

**കൊച്ചി:** ശുചിത്വ സാഗരം സുന്ദര തീരം മെഗാ ശുചിത്വ യജ്ഞം പരിപാടി ജില്ലയിൽ വിപുലമായി സംഘടിപ്പിക്കുമെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്. കളക്ടറേറ്റിലെ സ്പാർക്ക് ഹാളിൽ നടന്ന ആലോചനാ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഏപ്രിൽ ഒൻപതിന് നടക്കുന്ന പരിപാടി കളക്ടറും എം.എൽ.എമാരായ കെ.എൻ ഉണ്ണികൃഷ്ണൻ, കെ.ജെ മാക്സി എന്നിവരുമാണ് ഉദ്ഘാടനം ചെയ്യുന്നത്. ഓരോ പഞ്ചായത്തുകളിലും പ്രദേശികമായി ജനപ്രതിനിധികൾ പരിപാടി ഉദ്ഘാടനം ചെയ്യും. മാലിന്യ മുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി കടൽ തീരത്തെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനാണ് ശുചിത്വ സാഗരം സുന്ദര തീരം പരിപാടി സംഘടിപ്പിക്കുന്നത്.

ജില്ലയിലെ 46 കിലോമീറ്റർ കടൽ തീരത്തേയും പ്രത്യേക ആക്ഷൻ പോയിന്റുകളായി തിരിച്ചാണ് വൃത്തിയാക്കുന്നത്. ഓരോ കിലോമീറ്റർ ദൈർഘ്യമുള്ള പോയിന്റുകളായാണ് തിരിച്ചിട്ടുള്ളത്. രാവിലെ ഏഴിന് ആരംഭിച്ച് 11ന് പൂർത്തിയാകുന്ന തരത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഓരോ ആക്ഷൻ പോയിന്റിലും 25 സന്നദ്ധ പ്രവർത്തകരെ വീതം. അണിനിരത്തും. എൻ.എസ്.എസ്, എൻ.സി.സി, ഹരിത കർമ്മസേന, കുടുംബശ്രീ, മത്സ്യ തൊഴിലാളികൾ തുടങ്ങിയവരാണ് യജ്ഞത്തിന്റെ ഭാഗമാകുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY



ജെ.വൈ.എസ് സംസ്ഥാന നേതൃപഠനക്യാമ്പ് ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എംഎൽഎയുമായ അഡ്വ.എ.എൻ രാജൻ ബാബു ഉദ്ഘാടനം ചെയ്യുന്നു. ഡോ.അഭിലാഷ് നാഥ്, മൻസൂർ, പ്രൊഫ എ വി താമരാക്ഷൻ, വി.കെ സുനിൽ കുമാർ തുടങ്ങിയവർ സമീപം.

# വഖഫ് നിയമഭേദഗതിയിലൂടെ മുനമ്പം ജനതയ്ക്ക് നീതി കിട്ടില്ല; അഡ്വ. എ.എൻ രാജൻബാബു

**കൊച്ചി:** മുനമ്പത്തെ ജനങ്ങളെ കബളിപ്പിക്കുന്ന രാഷ്ട്രീയനാടകമാണ് ബിജെപി നടത്തുന്നതെന്നും വഖഫ് നിയമഭേദഗതിയിലൂടെ മുനമ്പത്തെ ജനങ്ങൾക്ക് നീതികിട്ടില്ലെന്നും ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എംഎൽഎയുമായ അഡ്വ.എ.എൻ രാജൻ ബാബു പറഞ്ഞു. ജെ.വൈ.എസ് സംസ്ഥാന നേതൃപഠനക്യാമ്പ് എറണാകുളത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുനമ്പത്തേത് വഖഫ് ഭൂമിയല്ലെന്ന് ചരിത്രം പരിശോധിച്ചാൽ വ്യക്തമാകുന്ന കാര്യമാണ്.വഖഫ് ബില്ലുകൊണ്ട് മുനമ്പത്തെ ജനതയ്ക്കു എങ്ങനെ നീതി കിട്ടുമെന്ന് അവർക്ക് വ്യക്തമാക്കാൻ കഴിയുന്നില്ല. വഖഫ് ബില്ലിൽ മുനമ്പത്തെയോ ഇത്തരം ദുരിതം അനുഭവിക്കുന്ന ജനതയ്ക്കോ സംരക്ഷണം അനുവദിക്കുന്ന ഒരു ഭാഗം പോലും ഇല്ല. വർഷങ്ങളായി കുത്തകപാട്ടക്കാരന്റെ കീഴിൽ ജന്മി കൈവശം വെയ്ക്കുകയും പിന്നീട് തീറാധാരം ചെയ്ത ഭൂമി കൈവശം വെയ്ക്കുന്നത് വഖഫ് ഭൂമിയിൽ വരില്ല എന്ന് നിലവിലെ വഖഫ് ബില്ലിൽ ഇല്ല. ഈ ഭൂമിയെ ഒഴിവാക്കുന്നു എന്ന ഒരു വകുപ്പ് പ്രത്യക്ഷമായോ പരോക്ഷമായോ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും അഡ്വ.എ.എൻ രാജൻ ബാബു പറഞ്ഞു. മതനിരപേക്ഷ മാനവിക മൂല്യങ്ങളെ തച്ചു ഉടച്ച് സ്വാർത്ഥ താൽപ്പര്യത്തോടെ ഏതു വിധേനയും അധികാരം പിടിച്ചെടുക്കാനുള്ള തന്ത്രമാണ് ബിജെപി നടത്തുന്നത്. ഇതിന്റെ ഉദാഹരണമാണ് മുനമ്പത്ത് ബിജെപി നടത്തുന്ന രാഷ്ട്രീയ നാടകമെന്നും അഡ്വ. എ.എൻ രാജൻബാബു പറഞ്ഞു. ജെ.എസ്. എസ് സംസ്ഥാന പ്രസിഡന്റ് പ്രൊഫ എ വി താമരാക്ഷൻ മുഖ്യ പ്രഭാഷണം നടത്തി. എറണാകുളം ജില്ലാ സെക്രട്ടറി വി.കെ സുനിൽ കുമാർ അധ്യക്ഷത വഹിച്ചു. ജെ.വൈ.എസ് സംസ്ഥാന കൺവിനർ ഡോ.അഭിലാഷ് നാഥ്, അർഷാദ് കോഴിക്കോട്, മൻസൂർ റഫാനിയ, സാജൻ പെരുമ്പാവൂർ, അമ്പർഷൻ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് വിവിധ വിഷയങ്ങളിൽ ജെസി ഐ ട്രെയിനർ രജിലൻ, അശോക് കുമാർ, സഞ്ജീവ് സോമരാജൻ, ജയൻ ഇടുക്കി തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

## ലോകാരോഗ്യ ദിനം

# സംസ്ഥാനതല ഉദ്ഘാടനവും അവാർഡ് വിതരണവും: മന്ത്രി വീണാ ജോർജ് നിർവഹിക്കും

**തിരുവനന്തപുരം:** ലോകാരോഗ്യ ദിനാചരണം, സർക്കാരാശുപത്രികളിൽ സജ്ജമായ ഡിജിറ്റലായി പണമടയ്ക്കാനുള്ള സംവിധാനം, ഓൺലൈൻ ഒപി ടിക്കറ്റ്, എംഇഹെൽത്ത് ആപ്പ്, സ്കാൻ എൻ ബുക്ക് സംവിധാനം എന്നിവയുടെ ഉദ്ഘാടനവും ഡോക്ടർമാർക്കുള്ള അവാർഡ് വിതരണവും കെ.സി.ഡി.സി. ലോഗോ പ്രകാശനവും ഇന്ന് വൈകുന്നേരം 3 മണിക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലെ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത് കോൺഫറൻസ് ഹാളിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ അധ്യക്ഷത വഹിക്കും. അമ്മയുടേയും നവജാത ശിശുക്കളുടേയും ആരോഗ്യമാണ് ഇത്തവണത്തെ ലോകാരോഗ്യ ദിന വിഷയം. ആരോഗ്യകരമായ തുടക്കം, പ്രതീക്ഷാ നിർഭരമായ ഭാവി എന്നതാണ് ലോകാരോഗ്യ ദിന സന്ദേശം.

മാതൃശിശു പരിചരണത്തിനായി സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. സർക്കാർ ആശുപത്രികളിൽ ഗുണനിലവാരമുള്ള സേവനങ്ങൾ ഉറപ്പാക്കി വരുന്നു. സംസ്ഥാനത്ത് ആകെ 217 ആശുപത്രികൾ ദേശീയ ഗുണനിലവാര അംഗീകാരമായ എൻ.ക്യു.എ.എസ്. നേടി. ഇത് കൂടാതെ പ്രസവം നടക്കുന്ന ആശുപത്രികളെ ദേശീയ ലക്ഷ്യ സ്റ്റാന്റേഡിലേക്ക് ഉയർത്തി വരുന്നു. 12 ആശുപത്രികൾക്കാണ് ദേശീയ ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചത്. ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ഒരുക്കിയതിന് 4 ആശുപത്രികൾക്ക് മുസ്കാൻ അംഗീകാരവും ലഭിച്ചിട്ടുണ്ട്. കുഞ്ഞുങ്ങളുടെ ജന്മനായുള്ള പ്രശ്നങ്ങൾ കണ്ടെത്തി ചികിത്സിക്കുന്നതിന് വിപുലമായ സംവിധാനമാണുള്ളത്. മാതൃ നവജാത ശിശു മരണങ്ങൾ പരമാവധി തടയുന്നതിനും സ്ത്രീകളുടെ ആരോഗ്യത്തിനും ക്ഷേമത്തിനും മുൻഗണന നൽകുന്നതിനുമുള്ള ശ്രമങ്ങൾ വേഗത്തിലാക്കാൻ സർക്കാരിനോടൊപ്പം പൊതുസമൂഹവും ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കി.

ആദ്യ ഘട്ടത്തിൽ 313 ആശുപത്രികളിൽ വിവിധ സേവനങ്ങൾക്കുള്ള തുക ഡിജിറ്റലായി അടയ്ക്കാൻ കഴിയുന്ന സംവിധാനങ്ങൾ സജ്ജമാണ്. ബാക്കിയുള്ള ആശുപത്രികളിൽ കൂടി ഈ സംവിധാനം ഒരു മാസത്തിനകം സജ്ജമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിൽ വരുന്ന എല്ലാ മോഡേൺ മെഡിസിൻ ആശുപത്രികളിലും ഡോക്ടർമാരുടെ സേവനം ലഭിക്കുന്നതിന് വേണ്ടി മുൻകൂറായി ഒ.പി. ടിക്കറ്റ് ഓൺലൈനായി എടുക്കുവാൻ സൗകര്യം ഒരുങ്ങുന്നു. ഒരു വ്യക്തിക്ക് തന്റെ യു.എച്ച്. ഐഡി നമ്പർ ഉപയോഗിച്ച് തന്റേയും തന്റെ കുടുംബത്തിലെ അംഗങ്ങളുടേയും ചികിത്സാ വിവരങ്ങൾ, മരുന്ന് കുറിപ്പടികൾ, ലാബ് ടെസ്റ്റ് റിപ്പോർട്ടുകൾ മുതലായ ഡിജിറ്റൽ വിവരങ്ങൾ മൊബൈൽ ആപ്പ് വഴി ലഭ്യമാക്കുന്നതാണ് എംഇഹെൽത്ത് ആപ്പ്. സർക്കാർ ആശുപത്രികളിൽ ഡോക്ടറുടെ സേവനം ലഭിക്കുന്നതിന് മുൻകൂറായി ടോക്കൺ എടുക്കാതെ വരുന്ന രോഗികൾക്ക് ക്യൂ ഇല്ലാതെ ടോക്കൺ എടുക്കാൻ കഴിയുന്നതാണ് സ്കാൻ എൻ ബുക്ക് സംവിധാനം.

സംസ്ഥാനത്ത് പകർച്ചവ്യാധിപകർച്ചേതരവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി യു.എസിലെ സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആന്റ് പ്രിവെൻഷൻ മാതൃകയിൽ കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആന്റ് പ്രിവെൻഷൻ യാഥാർത്ഥ്യമാകുന്നു. കെസിഡിസിയുടെ ലോഗോ പ്രകാശനവും മന്ത്രി നിർവഹിക്കും.



# ഹാർട്ട് കെയർ ഫൗണ്ടേഷന്റെ ഹൃദയസംഗമം നടന്നു

**കൊച്ചി:** ഹാർട്ട് കെയർ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞ രോഗികളുടെയും കുടുംബാംഗങ്ങളുടെയും ഒത്തുചേരലായ ഹൃദയസംഗമം സംഘടിപ്പിച്ചു. കൊച്ചി ഐഎംഎ ഹൗസിൽ നടന്ന സംഗമം ഗോവ ഗവർണർ പി. എസ്. ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്തു. ഹാർട്ട് കെയർ ഫൗണ്ടേഷന്റെ ഹൃദയ സംഗമം സഹജീവികളോടുള്ള സഹാനുഭൂതിയുടെയും കരുണയുടെയും ഉദാഹരണമാണെന്ന് ഗവർണർ അഭിപ്രായപ്പെട്ടു. ഹൃദയചികിത്സാ രംഗത്ത് കൂടുതൽ ഗവേഷണങ്ങളും പ്രാദേശിക പഠനങ്ങളും അനിവാര്യമാണ്. ഈ രംഗത്ത് മികച്ച സംഭാവനകൾ നൽകിയ പ്രമുഖർക്ക് അർഹമായ ആദരം നൽകിയിട്ടുണ്ടോയെന്ന് നാം ആത്മ പരിശോധന നടത്തണമെന്നും അദ്ദേഹം പറഞ്ഞു.

ഹാർട്ട് കെയർ ഫൗണ്ടേഷൻ ചെയർമാൻ ഡോ.ജോസ് ചാക്കോ പെരിയപ്പുറം അധ്യക്ഷത വഹിച്ചു.ഹൃദയസംഗമത്തിൽ ഈ വർഷത്തെ സോഷ്യൽ എക്സലൻസ് പുരസ്കാരം കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ സ്ഥാപകൻ ഫാ.ഡേവിസ് ചിറമേലിന് ഗോവ ഗവർണർ പി.എസ്.ശ്രീധരൻപിള്ള സമ്മാനിച്ചു. അമ്പതിനായിരം രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതായിരുന്നു പുരസ്കാരം. സമ്മാനത്തുക ഫാ. ഡേവിസ് ചിറമേൽ ഹാർട്ട് കെയർ ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്കായി കൈമാറി. ചടങ്ങിൽ ഫൗണ്ടേഷൻ ട്രസ്റ്റി ഡോ. ജേക്കബ് അബ്രഹാം, ലിസി ആശുപത്രി ഡയറക്ടർ ഫാ.ഡോ. പോൾ കരേഡൻ, റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഗ്ലോബൽ പ്രസിഡന്റ് ഡോ. സുജിത് ജോസ്, ഫൗണ്ടേഷൻ സെക്രട്ടറി ഡോ. രാജു കണ്ണമ്പുഴ എന്നിവർ സംസാരിച്ചു. ഹൃദയ സംഗമത്തിൽ പങ്കെടുത്തവർ തങ്ങളുടെ ജീവിതാനുഭവങ്ങളും ശസ്ത്രക്രിയയ്ക്കു ശേഷമുള്ള ജീവിതരീതികളും പങ്കുവെച്ചു. കുടുംബാംഗങ്ങളുടെയും രോഗികളുടെയും വിവിധ സംശയങ്ങൾക്ക് ആരോഗ്യവിദഗ്ദ്ധർ മറുപടി നൽകി.




# ഇന്ത്യയുടേത് മികച്ച ഭരണഘടന: ജസ്റ്റിസ് എ കെ ജയശങ്കരൻ നമ്പ്യാർ

**കൊച്ചി:** ഇന്ത്യയ്ക്കുള്ളത് ഏറ്റവും മികച്ചൊരു ഭരണഘടനയാണെന്ന് കേരള ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് എ കെ ജയശങ്കരൻ നമ്പ്യാർ പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ ഡോ. എം വി പൈലി സ്മാരക പ്രഭാഷണത്തിൽ ഭരണഘടനാപരമായ ധാർമികത ഇന്ത്യൻ ജനാധിപത്യത്തിന്റെ ആത്മാവ് എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.മറ്റു ഭരണഘടനകളിൽ നിന്ന് വ്യത്യസ്തമായി ഇന്ത്യൻ ഭരണഘടനയുടെ ആമുഖവും ഭരണഘടനയുടെ ഭാഗമാണ്. യു എസിൽ ഉൾപ്പെടെ മുഖവുര ഭരണഘടനയുടെ ഭാഗമല്ല.

ഇന്ത്യ പരമാധികാര, സോഷ്യലിസ്റ്റ്, മതേതര, ജനാധിപത്യ റിപ്പബ്ലിക്കായിരിക്കുമെന്നും എല്ലാ ജനങ്ങൾക്കും സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക നീതിയും സമത്വവും സ്വന്തം വിശ്വാസത്തിലും അഭിപ്രായത്തിലുമുള്ള സ്വാതന്ത്ര്യവും രാജ്യത്തിന്റെ ഐക്യവും വൈവിധ്യവും ഉൾപ്പെടെയാണ് ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നത്. നാം ഇന്ത്യക്കാർ എന്നു പറഞ്ഞാണ് ഇന്ത്യൻ ഭരണഘടനയുടെ ആമുഖം ആരംഭിക്കുന്നത്. ആ വാക്ക് വിശാലമായ ആശയവും അർഥവുമാണ് ജനങ്ങൾക്ക് മുമ്പിലേക്ക് നൽകുന്നത്. നിയമത്തിന് ആരും അതീതരല്ലെന്നും എല്ലാവരും തുല്യരുമാണെന്ന ആശയം പങ്കുവെക്കുന്നു. ഭരണാധികാരി ഉൾപ്പെടെ നിയമത്തിന് കീഴിലാണ് വരുന്നത്. രാജ്യത്തിന്റെ 80 ശതമാനം സമ്പത്തും കൈകാര്യം ചെയ്യുന്നത് കേവലം 10 ശതമാനം മാത്രമാണ്. വിശ്വാസത്തിലും അഭിപ്രായ സ്വാതന്ത്ര്യത്തിലും ഉൾപ്പെടെ എല്ലാവർക്കും ഒരേ അവകാശമാണ് ഭരണഘടന നൽകുന്നത്. എന്നാൽ സമൂഹം ഇതിൽ നിന്നെല്ലാം വിഭിന്നമാണ്. ഭരണഘടനാപരമായ ധാർമികത ഇന്നെത്ര പേർ നിലനിർത്തുന്നുണ്ടെന്ന് പരിശോധിക്കപ്പെടണമെന്നും ജസ്റ്റിസ് എ കെ ശങ്കരൻ നമ്പ്യാർ പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ബിബു ബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. പ്രൊഫ. ഡോ. ലളിത മാത്യു, കെ എം എ മാനേജിംഗ് കമ്മിറ്റി അംഗം എ സി കെ നായർ ,ജോയിന്റ് സെക്രട്ടറി അനിൽ വർമ്മ തുടങ്ങിയവർ സംസാരിച്ചു.




# വാർത്താ മാധ്യമങ്ങൾ ശക്തി കേന്ദ്രങ്ങൾ: കേന്ദ്രമന്ത്രി രാംദാസ് അത്തേവാല

**കൊച്ചി:** വ്യത്യസ്ത വാർത്താ മാധ്യമങ്ങൾ സമൂഹത്തിലെ ശക്തി കേന്ദ്രങ്ങളാണെന്ന് കേന്ദ്ര സാമൂഹ്യനീതി, ശാക്തീകരണ മന്ത്രി രാംദാസ് അത്തേവാല പറഞ്ഞു. കൊച്ചി ഐ എം എ ഹൗസിൽ ഹോംന്യൂസ്മാഗസിൻ ഡോട്ട് കോം പോർട്ടലിന്റെ പ്രകാശനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. തനിക്ക് മൂന്നു തവണ മോഡി മന്ത്രിസഭയിൽ അംഗമാകാൻ സാധിച്ചതിന് പിന്നിൽ വാർത്താ മാധ്യമങ്ങളുടെ പങ്കുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. ഹോം ന്യൂസെന്നാൽ വീടിന്റെ വാർത്തകളെന്നാണ് അർഥമെന്നും വീടുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഹോംന്യൂസ്മാഗസിൻ ഡോട്ട് കോമിൽ അറിയാനാവുമെന്നും അദ്ദേഹം പറഞ്ഞു.

ഹോംന്യൂസ്മാഗസിൻ ചീഫ് എഡിറ്ററും ആർക്കിടെക്ടുമായ ഡോ. നജീബ് അധ്യക്ഷത വഹിച്ചു. വീടും കെട്ടിടങ്ങളും നിർമിക്കാൻ രംഗത്തിറങ്ങുന്ന ആർക്കും അതുമായി ബന്ധപ്പെട്ട ഏത് കാര്യങ്ങളും ഹോംന്യൂസ്മാഗസിൻ ഡോട്ട് കോമിൽ ലഭ്യമാകുമെന്ന് ആർക്കിടെക്ട് നജീബ് പറഞ്ഞു. കേരള മീഡിയ അക്കാദമി ജേർണലിസം ആന്റ് മാസ് കമ്യൂണിക്കേഷൻ തലപ്പത്തു നിന്നും റിട്ടയർ ചെയ്ത ഹേമലത, ഹോംന്യൂസ്മാഗസിൻ ഡോട്ട് കോം പത്രാധിപ സമിതി അംഗം സുനിത എന്നിവർ പ്രസംഗിച്ചു.



# കൊറോണറി ആർട്ടറി സർജറി: അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചു

**കൊച്ചി:** സൊസൈറ്റി ഓഫ് കൊറോണറി സർജൻസ് ഇന്ത്യ (എസ്സിഎസ്) യുടെ നാലാമത് വാർഷിക സമ്മേളനം കൊച്ചിയിലെ ഹോട്ടൽ ലെ മെറിഡിയനിൽ നടന്നു.കൊറോണറി ആർട്ടറി സർജറി വൈദഗ്ദ്ധ്യവും ശാസ്ത്രവും' എന്ന വിഷയത്തിൽ ആഗോള, ദേശീയ വിദഗ്ധർ പങ്കെടുത്ത സമ്മേളനം. യു.കെ ബ്രിസ്റ്റൽ മെഡിക്കൽ സ്കൂൾ കാർഡിയാക് സർജറി ഡയറക്ടർ പ്രൊഫ. ജിയാനി ഏഞ്ചലിനിയും യൂണിവേഴ്സിറ്റി ഹോസ്പിറ്റൽ ജെന, ജർമ്മനിയിലെ കാർഡിയോതൊറാസിക് സർജറി ചെയർമാൻ പ്രൊഫ. ടോർസ്റ്റൺ ഡോൺസും ചേർന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തു.ഹൃദ്രോഗ മരണവും വ്യാപനവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, കൊറോണറി ആർട്ടറി രോഗ (സി.എ.ഡി) ചികിത്സകൾക്ക് അതി നൂതന രീതികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് പ്രൊഫ. ഏഞ്ചലിനി പറഞ്ഞു.സിഎബിജി അഥവാ സങ്കീർണ്ണ ഹൃദയ ബൈപ്പാസ് സർജിറി ഓർഗനൈസിംഗ് സെക്രട്ടറി ഡോ. പ്രവീൺ വർമ്മ വിശദീകരിച്ചു.കോൺഫറൻസ് ചെയർമാൻ ഡോ. ശിവ് നായർ പറഞ്ഞു.പ്രൊഫ ഡൂൺസ്,ഓർഗനൈസിംഗ് ചെയർമാൻ ഡോ. ശിവ് കുമാർ നായർ,എസ്സിഎസ് പ്രസിഡന്റ്

ഡോ. ചന്ദ്രശേഖർ പത്മനാഭൻ; സെക്രട്ടറി ഡോ. സഞ്ജീത് പീറ്റർ,ഡോ. ലോകേശ്വര ആർ. സജ്ജ, ഡോ. പ്രദീപ് നാരായൺ, ഡോ. കിരുൺ ഗോപാൽ എന്നിവർ സംസാരിച്ചു.ശസ്ത്രക്രിയാ വർക്ക്ഷോപ്പുകളും നടന്നു.പതിനൊന്ന് അന്താരാഷ്ട്ര ഫാക്കൽറ്റികളും 76 ദേശീയ ഫാക്കൽറ്റികളും ഉൾപ്പെടെ ഇന്ത്യയിലും വിദേശത്തുനിന്നുമുള്ള 400ലധികം വിദഗ്ധർ പങ്കെടുത്തു.

# 35 നും 55 നും ഇടയിലുള്ള സ്ത്രീകൾക്ക് സാമ്പത്തിക സാക്ഷരത ആവശ്യമാണ്

**കൊച്ചി:** 35നും 55 നും ഇടയിൽ പ്രായമുള്ള 50% സ്ത്രീകളും സാമ്പത്തിക ധാരണയുടെ അഭാവം മൂലം സമ്പത്ത് സൃഷ്ടിക്കുന്നതിൽ ബുദ്ധിമുട്ടുന്നുണ്ടെന്ന് എഡൽവീസ് ലൈഫ് അടുത്തിടെ നടത്തിയ ഒരു പഠനം വെളിപ്പെടുത്തി. ഗാർഹിക ധനകാര്യങ്ങൾ കൈകാര്യം ചെയ്യുന്നുണ്ടെങ്കിലും, ദീർഘകാല ആസൂത്രണത്തിനായി പല സ്ത്രീകളും മറ്റുള്ളവരെ ആശ്രയിക്കുന്നുവെന്ന് എഡൽവീസ് ലൈഫിലെ ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അനുപ് സേത്ത് പറഞ്ഞു, 'സ്ത്രീകൾ അവരുടെ സാമ്പത്തിക ആസൂത്രണത്തിന്റെ ചുമതല ഏറ്റെടുക്കണം, അത് വിദ്യാഭ്യാസത്തിൽ നിന്നാണ് ആരംഭിക്കുന്നത്.' സാമ്പത്തിക പരിജ്ഞാനം നൽകി സ്ത്രീകളെ ശാക്തീകരിക്കേണ്ടത് അവരുടെ സാമ്പത്തിക ഭാവി സുരക്ഷിതമാക്കുന്നതിന് നിർണായകമാണെന്ന് സേത്ത് പറഞ്ഞു.



എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ മെഡിക്കൽ ഓങ്കോളജി ആന്റ് ക്ലിനിക്കൽ ഹെമറ്റോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ എറണാകുളം ക്രൗൺപ്ലാസയിൽ നടത്തിയ ക്യൂറാ ഇമ്മ്യൂണിസ് കാർടി സെൽ തെറാപ്പി നാഷണൽ കോൺക്ലേവ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ മാനേജിംഗ് ഡയറക്ടർ ഡോ ദിവ്യ എസ്.അയ്യർ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ബോബൻ തോമസ്, പ്രൊഫ.ഡോ. നവീൻ കത്രി, ഡോ. പി.വി ലൂയിസ്, ഡോ. പി.വി തോമസ്, ഡോ. സത്വ എസ്. നീലാപ്പ് , ഡോ. വി സുദീപ്, ഡോ. തോമസ് കുഞ്ചെറിയ, ഡോ വരുൺ രാജൻ, ഡോ. ടി. ദിവ്യ തുടങ്ങിയവർ സമീപം

## കാർ–ടി സെൽ തെറാപ്പി നാഷണൽ കോൺക്ലേവ് നടന്നു

# ആധുനിക ചികിൽസാ രീതികൾ എല്ലാവർക്കും ലഭ്യമാക്കണം: ഡോ ദിവ്യ എസ്.അയ്യർ

**കൊച്ചി :** വൈദ്യശാസ്ത്ര രംഗത്തുണ്ടാകുന്ന ആധുനിക ചികിൽസാ രീതികൾ സാധാരണക്കാർക്ക് കൂടി ലഭ്യമാകണമെന്ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ മാനേജിംഗ് ഡയറക്ടർ ഡോ ദിവ്യ എസ്.അയ്യർ പറഞ്ഞു. കാൻസറിനെതിരെയുള്ള ആധുനിക ചികിൽസയായ കാർ-ടി സെൽ തെറാപ്പിയുമായി ബന്ധപ്പെട്ട് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ മെഡിക്കൽ ഓങ്കോളജി ആന്റ് ക്ലിനിക്കൽ ഹെമറ്റോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടത്തിയ' ക്യുറാ ഇമ്മ്യൂണിസ് " കാർടി സെൽ തെറാപ്പി നാഷണൽ കോൺക്ലേവ് എറണാകുളം ക്രൗൺപ്ലാസയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഡോ ദിവ്യ എസ്.അയ്യർ. എത്ര വലിയ രോഗമാണെങ്കിലും താൻ അതിനെ മറികടന്ന് ജീവിതത്തിലേക്ക് തിരിച്ചുവരുമെന്ന് പ്രതീക്ഷ രോഗികൾക്കുണ്ടാകണം. ഇത്തരം പ്രതീക്ഷകൾ രോഗികൾക്ക് പകർന്നു നൽകുകയെന്നത് ഡോക്ടർമാരുടെ ഉത്തരവാദിത്വമാണ്. എന്തു ചികിൽസയാണെങ്കിലും എടുക്കുന്ന തീരുമാനം നിർണ്ണായക ഘടകമാണ്. പുത്തൻ ചികിൽസാ രീതികൾ കണ്ടെത്തുമ്പോൾ അതിനു പിന്നിൽ പ്രവർത്തിക്കുന്ന ഡോക്ടർമാരുടെ പ്രയ്തനം വിലമതിക്കാനാവാത്തതാണ്. ആധുനിക ചികിൽസയായ കാർ-ടി സെൽ തെറാപ്പി കാൻസർ ചികിൽസാ രംഗത്തെ നാഴികക്കല്ലാണെന്നും ഡോ ദിവ്യ എസ്. അയ്യർ പറഞ്ഞു. കാൻസർ ചികിൽസാ രംഗത്ത് വളരെയേറെ പ്രതീക്ഷ നൽകുന്നതാണ് കാർ-ടി സെൽ തെറാപ്പിയെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ യു.എസ്.എ യിലെ പ്രമുഖ കാൻസർ രോഗ വിദഗ്ധനും ടെക്സാസ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറുമായ ഡോ. സത്വ എസ്. നീലാപ്പ് പറഞ്ഞു.മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ എം.ഡി ഡോ. പി.വി ലൂയിസ് അധ്യക്ഷത വഹിച്ചു. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ആരംഭിക്കുന്ന പുതിയ ബോൺമാരോ ട്രാൻസ്പ്ലാന്റ് ആന്റ് കാർ-ടി സെൽ തെറാപ്പി യൂണിറ്റിന്റെ ഉദ്ഘാടനവും ഡോ. ദിവ്യ എസ് അയ്യർ ചടങ്ങിൽ നിർവ്വഹിച്ചു. മുംബൈ ടാറ്റാ മെമ്മോറിയൽ ഹോസ്പിറ്റൽ പ്രൊഫ. ഡോ. നവീൻ കത്രി,ഡോ വരുൺ രാജൻ, ഡോ. പി.വി തോമസ്, ഡോ. ബോബൻ തോമസ്, ഡോ. വി. സുദീപ്, ഡോ. തോമസ് കുഞ്ചെറിയ തുടങ്ങിയവർ സംസാരിച്ചു.



# കോഴിക്കോട് ഐഐഎം ബിരുദദാന ചടങ്ങ് നടന്നു

**കോഴിക്കോട്:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട് (ഐഐഎംകെ) എക്സിക്യൂട്ടീവ് പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാം ഇൻ മാനേജ്മെന്റ് (ഇപിജിപി)18ാമത് ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചു. ഇതോടനുബന്ധിച്ച് നടന്ന 15ാമത് ബാച്ചിന്റെ ബിരുദദാനച്ചടങ്ങിൽ 615 പേർ പങ്കെടുത്തു. ഐഐഎം കോഴിക്കോട് ഡയറക്ടർ പ്രൊഫ. ദേബാശിഷ് ചാറ്റർജി, ഐഎസ്ആർഒ ചെയർമാൻ ഡോ വി നാരായണൻ തുടങ്ങിയവർ സംബന്ധിച്ചു.

വർക്കിംഗ് പ്രൊഫഷണലുകൾക്ക് വേണ്ടിയുള്ള രണ്ട് വർഷ എംബിഎ പ്രോഗ്രാമാണഅ ഇപിജിപി. ആഗോള ബിസിനസ് രംഗത്ത് മികച്ച സംഭാവനകൾ നൽകാൻ കഴിയുന്ന പ്രതിഭകളെ സൃഷ്ടിക്കുന്നതിനുള്ള ഐഐഎമ്മിന്റെ പ്രതിബദ്ധത ഇപിജിപിയിലൂടെ ഊട്ടിയുറപ്പിക്കുന്നതായി പ്രൊഫസർ ദേബാശിഷ് ചാറ്റർജി വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇന്ററാക്ടീവ് ലേണിംഗ് (ഐഎൽ) പ്ലാറ്റ്ഫോം വഴി നൽകുന്ന 750 മണിക്കൂർ ക്ലാസുകൾ ഇപിജിപിയിൽ ഉൾപ്പെടുന്നു. അക്കൗണ്ടിംഗ്, മാർക്കറ്റിംഗ്, ഓപ്പറേഷൻസ്, ഫിനാൻസ്, സ്ട്രാറ്റജി, ഹ്യൂമൻ റിസോഴ്സസ് എന്നിവയുൾപ്പെടെയുള്ള പ്രധാന കോഴ്സുകളടക്കമുള്ള സമഗ്ര പാഠ്യപദ്ധതിയാണിത്. എഞ്ചിനീയറിംഗ്, മെഡിസിൻ, ആർക്കിടെക്ചർ, മാസ് കമ്യൂണിക്കേഷൻ, നിയമം, ഫാഷൻ ടെക്നോളജി തുടങ്ങി വൈവിധ്യമാർന്ന വിദ്യാഭ്യാസ പശ്ചാത്തലങ്ങളിൽ നിന്നുള്ളവരാണ് പഠിതാക്കളിൽ ഭൂരിഭാഗവും. 17ാം ബാച്ചിൽ 26 ശതമാനം വനിതകളാണ് പഠിക്കുന്നത്. പ്രഭാഷണങ്ങൾ, കേസ് സ്റ്റഡീസ്, ധവളപത്രങ്ങൾ, സിമുലേഷനുകൾ, അസൈൻമെന്റുകൾ എന്നിവയ്ക്കായി ഐഐഎം കോഴിക്കോടിന്റെ ഫാക്കൽറ്റികളുടെയും പരിചയസമ്പന്നരായ വ്യവസായ പ്രാക്ടീഷണർമാരുടെയും സേവനം ലഭ്യമാക്കുന്നുണ്ട്. കോഴിക്കോട് ഐഐഎമ്മിലെ 13,000 ത്തിലധികം പൂർവ്വ വിദ്യാർത്ഥികളുടെ സഹായവും വിദ്യാർഥികൾക്ക് ലഭിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.എക്സിക്യൂട്ടീവ് മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (ഇമാറ്റ്), നേരിട്ടുള്ള അഭിമുഖം എന്നിവയിലൂടെയാണ് പ്രവേശനം. അപേക്ഷകർക്ക് ഇമാറ്റിന് പകരമായി ക്യാറ്റ്, ജിആർഇ അല്ലെങ്കിൽ ജിമാറ്റ് സ്കോറുകൾ (ഇമാറ്റ് തീയതി മുതൽ മൂന്ന് വർഷത്തിൽ കൂടരുത്) സമർപ്പിക്കാമെന്നും അദ്ദേഹം പറഞ്ഞു. പ്രൊഫ. ദീപാ സേത്തിയും വാർത്താസമ്മേളനത്തിൽ സംബന്ധിച്ചു. കോഴ്സിന്റെ ബ്രോഷർ പ്രൊഫ. ദേബാശിഷ് ചാറ്റർജി പ്രകാശനം ചെയ്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



## ശ്രവണ ഹിയറിംഗ് എയ്ഡ് സെന്റർ ഇനി മലപ്പുറത്തും

**മലപ്പുറം:** കേൾവിസംസാര മേഖലയിൽ 17 വർഷമായി തളിപ്പറമ്പ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ശ്രവണ ഹിയറിംഗ് എയ്ഡ് സെൻററിൻറെ 153മത്തെ ഷോറൂം മലപ്പുറത്ത്.

മലപ്പുറം കോട്ടപ്പടിയിലുള്ള മെഡിമാളിൽ ഏഴിന് വൈകുന്നേരം നാലിന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ. രേണുക ഉദ്ഘാടനം നിർവഹിക്കും.

കൊച്ചി, കോഴിക്കോട്, തലശേരി, കണ്ണൂർ, തളിപ്പറമ്പ്, പഴയങ്ങാടി, പിലാത്തറ, പയ്യന്നൂർ, കാഞ്ഞങ്ങാട്, ശിവമോഗ, സാഗര, ബംഗളൂരു എന്നിവിടങ്ങളിൽ നിലവിൽ ശ്രവണയ്ക്ക് ബ്രാഞ്ചുകളുണ്ട്.

കേൾവി പരിശോധന, നവജാത ശിശുക്കൾക്കുള്ള കേൾവി പരിശോധന, ഇൻറർനാഷണൽ ബ്രാൻഡ് ശ്രവണസഹായികൾ, എല്ലാവിധ ശ്രവണ സഹായികളുടെയും പ്രോഗ്രാമിംഗ്, റിപ്പയർ, സർവീസ്, അനുബന്ധ ഘടകങ്ങൾ, ബാറ്ററികൾ എന്നീ സേവനങ്ങൾ ഇവിടെ ലഭ്യമാണ്.

കേൾവിക്കുറവ് മൂലമുണ്ടാകുന്ന സംസാരവൈകല്യം, വിക്ക്, ഓട്ടിസം, പഠനവൈകല്യം തുടങ്ങിയ വിവിധ തരത്തിലുള്ള സംസാര വൈകല്യങ്ങൾക്ക് വിദഗ്ധ സ്പീച്ച് തെറാപ്പിസ്റ്റ് സ്പീച്ച് തെറാപ്പിയിലൂടെ പരിഹാരം നൽകുന്നു.

## കെഎസ്ഡിപി മെഡി മാർട്ട് ഉദ്ഘാടനം നാളെ

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസിൻറെ അൻപതാം വാർഷികാഘോഷ പരിപാടികളുടെയും കെഎസ്ഡിപി മെഡി മാർട്ടിൻറെയും ഉദ്ഘാടനം എട്ടിന് രാവിലെ 10ന് ആലപ്പുഴ കെഎസ്ഡിപി അങ്കണത്തിൽ വ്യവസായനിയമകയർ മന്ത്രി പി. രാജീവ് നിർവഹിക്കും.

കെഎസ്ഡിപി പ്രവർത്തനങ്ങൾ ആരംഭിച്ചതിൻറെ സുവർണ ജൂബിലി ആഘോഷിക്കുന്നതിൻറെ ഭാഗമായി കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള മരുന്നുകൾ, സർജിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായാണ് മെഡി മാർട്ട് ആരംഭിക്കുന്നത്. ഇവിടെ മരുന്നുകൾ 10 മുതൽ 20 ശതമാനംവരെ വിലക്കുറവിൽ ലഭ്യമാക്കും. അഞ്ച് കിലോമീറ്റർ ചുറ്റളവിൽ ഹോം ഡെലിവറി സംവിധാനവുമുണ്ടാകും.

കെ. സി. വേണുഗോപാൽ എംപി, പി പി ചിത്തരഞ്ജൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ. ജി. രാജേശ്വരി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, കെഎസ്ഡിപി ചെയർമാൻ സി. ബി. ചന്ദ്രബാബു, കെഎസ്ഡിപി മാനേജിംഗ് ഡയറക്ടർ ഇ. എ. സുബ്രമണ്യൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

## ചിത്തരഞ്ജൻ ലോക്കോമോട്ടീവ്സിന് എൻജിൻ നിർമാണത്തിൽ റിക്കാർഡ്

**കൊല്ലം:** ട്രെയിനുകളുടെ എൻജിൻ നിർമാണത്തിൽ ബംഗാളിലെ ചിത്തരഞ്ജൻ ലോക്കോമോട്ടീവ്സിന് ദേശീയ റിക്കാർഡ്. 202425 സാമ്പത്തിക വർഷത്തിൽ 700 എൻജിനുകൾ നിർമിച്ചാണ് ഈ അപൂർവ നേട്ടം കൈവരിച്ചത്. കഴിഞ്ഞ സാമ്പത്തിക വർഷം 580 എൻജിനുകളാണ് നിർമിച്ചിരുന്നത്.

പുതുതായി ഉത്പാദിപ്പിച്ച അഞ്ച് ഇലക്ട്രിക് എൻജിനുകൾ കഴിഞ്ഞ ദിവസം അനാഛാദനം ചെയ്തിരുന്നു. ഇതോടെയാണ് എൻജിനുകളുടെ എണ്ണം 700 ആയി ഉയർന്നത്. അമൃത് ഭാരത് ട്രെയിനുകൾക്കായി രൂപകൽപ്പന ചെയ്ത ഒരു ജോഡി എയ്റോഡൈനാമിക് പുഷ്പുൾ എൻജിനുകളും പുതുതായി പുറത്തിറക്കിയവയിൽ ഉൾപ്പെടും. മുൻ വർഷത്തെ അപേക്ഷിച്ച് കുറഞ്ഞ ജീവനക്കാരുടെ തൊഴിൽ ശക്തിയോടെയാണ് ഈ നേട്ടം കൈവരിക്കാനായത് എന്നതും ശ്രദ്ധേയമായ കാര്യമാണ്.

202324 സാമ്പത്തിക വർഷത്തിൽ എൻജിൻ നിർമാണവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികൾക്ക് 8469 ജീവനക്കാർ ഉണ്ടായിരുന്നു. 202424 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ എണ്ണം 7967 ആയി കുറഞ്ഞു.

ഈ കുറഞ്ഞ തൊഴിൽ ശക്തിയിലാണ് ചിത്തരഞ്ജൻ ലോക്കോമോട്ടീവ്സിന് ദേശീയ ബഹുമതി കൈവരിക്കാനായത് എന്നത് ഏറെ ശ്രദ്ധേയമാണ്.

# ഐഫോൺ നിർമാണം ബ്രസീലിൽ വ്യാപിപ്പിക്കാൻ ആപ്പിൾ



**ന്യൂയോർക്ക്:** യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഇന്ത്യക്കും ചൈനയ്ക്കും ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയതിനു പിന്നാലെ ആപ്പിൾ കമ്പനി തങ്ങളുടെ ഐഫോൺ അസംബ്ലി പ്രവർത്തനങ്ങൾ ബ്രസീലിൽ കൂടുതൽ വ്യാപിപ്പിക്കാൻ ഒരുങ്ങുന്നതായി റിപ്പോർട്ട്. ആപ്പിളിൻറെ നിലവിലെ നിർമാണത്തിൻറെയും അസംബ്ലിയുടെയും പ്രധാന കേന്ദ്രങ്ങളാണ് ഇന്ത്യയും ചൈനയും.

എന്നാൽ ഈ രാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതിക്ക് പ്രസിഡൻറ് ട്രംപിൻറെ കീഴിലുള്ള യുഎസ് സർക്കാർ പുതിയ താരിഫ് ചുമത്തിയതോടെയാണ് ഈ നീക്കം. ചൈനീസ് നിർമിത ഉത്പന്നങ്ങൾക്ക് 34 ശതമാനവും ഇന്ത്യൻ നിർമിത ഉത്പന്നങ്ങൾക്ക് 26 ശതമാനം ഇറക്കുമതി ചുങ്കവുമാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

എന്നാൽ, ബ്രസീലിന് താരതമ്യേന മിതമായ 10 ശതമാനം ഇറക്കുമതി ചുങ്കമേ ട്രംപ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളൂ. ഇതാണ് ബ്രസീലിനെ ഇന്ത്യക്കും ചൈനയ്ക്കുമുള്ള ആകർഷകമായ ഒരു ബദലാക്കി മാറ്റുന്നത്. ഐ ഫോൺ കരാർ നിർമാതാക്കളായ തായ്‌വാനീസ് കമ്പനി ഫോക്സ്കോണുമായി സഹകരിച്ച് സാവോ പോളോയിലെ പ്ലാൻറിൽ ഉത്പാദനം വർധിപ്പിക്കാനാണ് ആപ്പിൾ ആലോചിക്കുന്നത്.

2011 മുതൽ ആപ്പിൾ ബ്രസീലിൽ ഐഫോണുകൾ അസംബ്ലി ചെയ്യുന്നുണ്ടെങ്കിലും, പ്രാദേശിക വിപണിക്കുള്ള എൻട്രി ലെവൽ മോഡലുകളിലേക്ക് മാത്രമായാണ് ഉത്പാദനം പരിമിതപ്പെടുത്തിയിരുന്നത്. അത് മാറാൻ പോകുകയാണെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. കഴിഞ്ഞ വർഷം മുതൽ ആപ്പിൾ ബ്രസീലിലെ ഉപകരണങ്ങളും ഉത്പാദന പ്രക്രിയകളും നവീകരിക്കുന്നുണ്ടെന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഇപ്പോൾ, ബ്രസീലിയൻ ഉപഭോക്താക്കൾക്കായി മാത്രമല്ല, യുഎസിലേക്ക് ഐഫോണുകൾ കയറ്റുമതി ചെയ്യുന്നതിനും ഈ സൗകര്യം കൂടുതൽ വിപുലമായി ഉപയോഗിക്കുന്നതിനാണ് കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ഈ വർഷം ആദ്യം, ബ്രസീലിലെ ടെലികോം റെഗുലേറ്റർ അനറ്റെൽ ആപ്പിളിനും ഫോക്സ്കോണിനും ഐഫോൺ 16 പ്രാദേശികമായി അസംബ്ലി ചെയ്യാൻ പച്ചക്കൊടി കാണിച്ചു. ഐഫോൺ 13, 14, 15 പോലുള്ള പഴയ മോഡലുകൾ ബ്രസീൽ ഇതിനകംതന്നെ അസംബിൾ ചെയ്യുന്നുണ്ട്.ആദ്യമായി ആപ്പിൾ രാജ്യത്ത് ഐഫോൺ 16 പ്രോ മോഡലുകളും നിർമിച്ചേക്കാം.



# കേരളത്തിൽ കുരുമുളക് ഉദ്പാദനം ഇടിയുന്നു

**ന്യൂഡൽഹി:** കേരളത്തിലെ കുരുമുളക് ഉത്പാദനം കുത്തനെ ഇടിഞ്ഞെന്ന് കേന്ദ്ര കാർഷിക സഹമന്ത്രി രാംനാഥ് ഠാക്കൂർ പറഞ്ഞു. 8 മുതൽ 10 ശതമാനം വരെയാണ് ഇടിവ് സംഭവിച്ചതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ലോക്സഭയിൽ അബ്ദു സമദ് സമദാനിയുടെ ചോദ്യത്തിന് മറുപടി പറയവേയാണ് ഇക്കാര്യം മന്ത്രി വെളിപ്പെടുത്തിയത്.

201415 കാലത്ത് 85,431 ഹെക്ടറിൽ കുരുമുളക് കൃഷിയുണ്ടായിരുന്നു. ഇത് 15 ശതമാനം കുറഞ്ഞ് 202324 കാലത്ത് 72,669 ഹെക്ടറായി ചുരുങ്ങി. 40,690 ടണ്ണിൽ നിന്ന് 25 ശതമാനം ഇടിഞ്ഞ് 30,798 ടണ്ണായി ഉത്പാദനം ചുരുങ്ങിയതും ഇത് മൂലമാണ്.

2018ലും 2019ലും അപ്രതീക്ഷിതമായി കേരളത്തിലുണ്ടായ പ്രളയവും ഇതിൽ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. പ്രളയമുണ്ടായ സമയത്ത് വില കുറവായിരുന്നതിനാൽ കർഷകർക്ക് കുരുമുളക് കൃഷിയിലുള്ള താല്പര്യം പെട്ടെന്ന് നഷ്ടപ്പെടുകയാണുണ്ടായത്. വിലക്കുറവ് 202122 വരെ തുടർന്നതോടെ കൃഷി വലിയ തോതിൽ ചുരുങ്ങിയെന്നും അദ്ദേഹം പറഞ്ഞു. ”മണ്ണിലെ ഈർപ്പവും ധാതുക്കളും നിലനിർത്താനുള്ള നടപടികളെടുക്കാതിരുന്നതും തകർച്ചയ്ക്ക് കാരണമായി. മറ്റ് രാജ്യങ്ങളിലെ കുരുമുളക് ലഭ്യതയും ഇന്ത്യൻ കുരുമുളകിൻറെ വിലയുമെല്ലാം കുരുമുളക് കയറ്റുമതിയിലെ ചാഞ്ചാട്ടത്തിന് വഴിവച്ചു” മന്ത്രി പറഞ്ഞു.

ഈ മേഖലയുടെ ഉന്നമനത്തിനായി കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ വഴി സർക്കാർ നടപ്പാക്കിയ പദ്ധതികളും മന്ത്രി വിശദീകരിച്ചു. കേരള കാർഷിക സർവകലാശാല, കോഴിക്കോടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസേർച്ച് ഡയറക്ടറേറ്റ് ഓഫ് അരക്കനട്ട് ആൻഡ് സ്പൈസസ് ഡവലപ്മെൻറ് വഴി നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഹൈടെക്ക് നഴ്സറികളടക്കം ഇതിലുൾപ്പെടും.

കാർഷിക സർവകലാശാല വികസിപ്പിച്ച് മികച്ച വിളവ് നൽകുകയും രോഗങ്ങളെ പ്രതിരോധിക്കുകയും ചെയ്യുന്ന ഇനങ്ങളാണ് ഇപ്പോൾ രാജ്യത്തെ 70 ശതമാനം കൃഷിയിടങ്ങളിലുമുള്ളതെന്നും രാംനാഥ് ഠാക്കൂർ കൂട്ടിച്ചേർത്തു.



# കൊച്ചി മെട്രോ ഫീഡർ ബസ്: ഇതേവരെ യാത്രചെയ്തത് 2 ലക്ഷത്തിലധികം ആളുകൾ

**കൊച്ചി:** ഹൈക്കോർട്ട്എംജി റോഡ് സർക്കുലർ സർവ്വീസ് കൂടി ആരംഭിച്ചതോടെ കൊച്ചി മെട്രോ ഇലക്ട്രിക് ബസ് സർവ്വീസിന് വലിയ കുതിപ്പ്. ആലുവ, കളമശേരി, ഇൻഫോപാർക്ക്, ഹൈക്കോർട്ട് റൂട്ടുകളിലായി പ്രതിദിനം 3102 ലേറെ പേരാണ് ഇലക്ട്രിക് ബസിൽ യാത്ര ചെയ്യുന്നത്. ജനുവരി 16 മുതൽ വിവിധ ഘട്ടങ്ങളിലായി ആരംഭിച്ച ബസ് സർവ്വീസിൽ ഇതേവരെ 2,05,854 പേർ യാത്ര ചെയതു. ഏറ്റവും ഒടുവിൽ സർവ്വീസ് ആരംഭിച്ച ഹൈക്കോർട്ട്എംജി റോഡ് സർക്കുലർ റൂട്ടിൽ ഇപ്പോൾ പ്രതിദിനം ശരാശരി 773 പേർ യാത്ര ചെയ്യുന്നു. ഇതേവരെ ഈ റൂട്ടിൽ 8573 പേർ യാത്ര ചെയ്തു. കൊച്ചിയുടെ ചരിത്രത്തിൽ ആദ്യമായി ആരംഭിച്ച ഈ പുതിയ ഇലക്ട്രിക് ബസ് സർക്കുലർ റൂട്ടിൽ മൂന്ന് ബസുകളാണ് സർവ്വീസ് നടത്തുന്നത്.

മാർച്ച് 19 ന് തുടങ്ങിയ ഹൈക്കോർട്ട് റൂട്ടിലെ സർവ്വീസിൽ ആദ്യ ആഴ്ച 1556 പേരാണ് യാത്ര ചെയ്തത്. മാർച്ച് 29 മുതൽ ഏപ്രിൽ 4 വരെ 5415 പേർ യാത്ര ചെയ്തു. യാത്രക്കാരുടെ എണ്ണത്തിൽ ഹൈകോർട്ട് റൂട്ടിൽ രണ്ടര ഇരട്ടി വർധനയാണ് ഉണ്ടായത്.ആലുവഎയർപോർട്ട് റൂട്ടിൽ ഇപ്പോൾ പ്രതിദിനം ശരാശരി 1350ലേറെ പേരാണ് യാത്ര ചെയ്യുന്നത്. ഇതേവരെ ഈ റൂട്ടിൽ 102564 പേർ യാത്ര ചെയ്തു. കളമശേരി റൂട്ടിലെ യാത്രക്കാരുടെ പ്രതിദിന ശരാശരി എണ്ണം 730 ആണ്. ഇതേവരെ 54515 പേർ യാത്ര ചെയ്തു. ഇൻഫോപാർക്ക് റൂട്ടിൽ പ്രതിദിനം ശരാശരി 890 പേർ യാത്ര ചെയ്യുന്നു. ഇതേവരെ 40202 പേർ യാത്ര ചെയ്തു.

# ഐ.എം വിജയനും കേരള ടീമിനും ആദരമൊരുക്കി കെ.എഫ്.എ



**കൊച്ചി:** കേരളത്തിന്റെ ഫുട്ബോൾ പ്രതിഭകളെ സാക്ഷിയാക്കി, പത്മശ്രീ പുരസ്കാര ജേതാവായ ഇന്ത്യൻ ഫുട്ബോൾ ഇതിഹാസം ഐ.എം വിജയന് കേരള ഫുട്ബോൾ അസോസിയേഷന്റെ ആദരം. കെ.എഫ്.എയുടെ ആഭിമുഖ്യത്തിൽ കൊച്ചി ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച പ്രൈഡ് ഓഫ് കേരളാ ഫുട്ബാൾ ചടങ്ങാണ് സന്തോഷ നിമിഷങ്ങൾക്ക് സാക്ഷിയായത്. ഹൈബി ഈഡൻ എം.പി പൊന്നാടയണിയിച്ചും മെമന്റോ നൽകിയും വിജയനെ ആദരിച്ചു. കെ.എഫ്.എ അനുമോദിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് ഐ.എം വിജയൻ പറഞ്ഞു. ഫുട്ബാൾ രംഗത്തുനിന്നും അർജുന അവാർഡ് നേടിയപ്പോൾ ആദരവ് ലഭിക്കാത്തതിന് സങ്കടമുണ്ടായിരുന്നുവെന്ന് തുറന്നുപറഞ്ഞ വിജയൻ, കെ.എഫ്.എ പ്രസിഡന്റ് നവാസ് മീരാന്റെ ദീർഘവീക്ഷണമാണ് പുതിയ തലമുറ വിജയങ്ങൾ കീഴടക്കുന്നതിന് പിന്നിലെന്നും അഭിപ്രായപ്പെട്ടു. പ്രയാസകരമായ ജീവിതസാഹചര്യങ്ങൾ അതിജീവിച്ചാണ് വിജയൻ വിജയങ്ങൾ കീഴടക്കിയതെന്ന് മുൻ മന്ത്രിയും എം.എൽ.എയുമായ കെ.ബാബു പറഞ്ഞു. ഐ.എം വിജയൻ യുവതലമുറകൾക്ക് പ്രചോദനമാണെന്ന് ടി.ജെ വിനോദ് എം.എൽ.എ അഭിപ്രായപ്പെട്ടു.

പ്രതിഭാശാലിയാണ് വിജയനെന്നും ഗോളടിക്കുക മാത്രമല്ല, ഗോളടിക്കാനുള്ള സാഹചര്യം ഒരുക്കുന്നതിനും മുന്നിലാണെന്നും കെ.എഫ്.എ മുഖ്യരക്ഷാധികാരി കെ.എം.ഐ മേത്തർ പറഞ്ഞു. ചടങ്ങിൽ സന്തോഷ് ട്രോഫിയിൽ റണ്ണേഴ്സ് അപ്പായ കേരളാ ടീമിനെയും, ഉത്തരാഖണ്ഡിൽ നടന്ന ദേശീയ ഗെയിംസിൽ സ്വർണമെഡൽ നേടിയ ടീമിനെയും കെ.എഫ്.എ ആദരിച്ചു. ഗോവയിൽ നടന്ന ദേശീയ ബീച്ച് സോക്കർ ചാമ്പ്യൻഷിപ്പിൽ മെഡൽനേടിയ ടീമിനും ആദരം നൽകി. കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി പി.വിഷ്ണുരാജ്, കെ.എഫ്.എ ഹോണററി പ്രസിഡന്റ് ടോം ജോസ്, കെ.എഫ്.എ ജനറൽ സെക്രട്ടറി ഷാജി സി കുര്യൻ, ഹോണററി ട്രഷറർ ഡോ. റെജിനോൾഡ് വർഗീസ്, വൈസ് പ്രസിഡന്റുമാരായ പി.പൗലോസ്, വി.പി പവിത്രൻ, എം.ശിവകുമാർ, മുഹമ്മദ് സലീം, ജോയിന്റ് സെക്രട്ടറിമാരായ കെ.എ വിജയകുമാർ, പി.കെ ഷാജി എന്നിവരും ചടങ്ങിൽ സംസാരിച്ചു.




# മയക്കുമരുന്നിനെതിരെ അഗാപ്പെ വാക്കത്തോൺ

**കൊച്ചി :** മയക്കുമരുന്ന് ഉപയോഗത്തിനെതിരെ അവബോധം വളർത്തുന്നതിനായി കൊച്ചിയിൽ അഗാപ്പെ ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡ് സംഘടിപ്പിച്ച വാക്കത്തണിൽ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്നായി 500ലധികം ടീം അംഗങ്ങൾ പങ്കെടുത്തു. പുതുവൈപ്പ് ബീച്ച് റോഡിലൂടെ രാവിലെ 6:30 നാണ് കമ്പനിയുടെ മുതിർന്ന ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അഞ്ച് കിലോമീറ്റർ വാക്കത്തോൺ നടന്നത്.ആരോഗ്യകരവും സുരക്ഷിതവുമായ സമൂഹത്തിനായി 'മയക്കുമരുന്നിനോട് വിട പറയുക ' എന്ന സന്ദേശവുമായി നടന്ന വാക്കത്തോൺ സംസ്ഥാന സർക്കാരിന്റെ പ്രചാരണ പരിപാടികൾക്ക് പൂർണ്ണമായ പിന്തുണ നൽകുവാനാണ് സംഘടിപ്പിച്ചത്, അഗാപ്പെ ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ തോമസ് ജോൺ പറഞ്ഞു.അഗാപ്പെ ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ബിമൽ ബി.കെ, ഡയറക്ടർ മീന തോമസ്എന്നിവർ വാക്കത്തോണിന് നേതൃത്വം നൽകി.

## സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് എക്സ്പീരിയോൺ ടെക്നോളജീസ്

**കൊച്ചി:** സാമൂഹിക സമത്വമുറപ്പാക്കിക്കൊണ്ടറ ഐ.ടി.രംഗത്തെ പുത്തൻ തലമുറയെ വളർത്തിയെടുക്കുക എന്നലക്ഷ്യവുമായി പ്രോഡക്റ്റ് എഞ്ചിനീയറിംഗ്, ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മേഖലകളിലെ ഒന്നാം നിരക്കാരായ എക്സ്പീരിയോൺ ടെക്നോളജീസ് വനിതാ വിദ്യാർത്ഥികൾക്കായി വ്യവസായ സന്ദർശനം സംഘടിപ്പിച്ചു.

കേരളത്തിലെ ഏക ഗവ. വനിത എഞ്ചിനീയറിംഗ് കോളേജായ എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമെൻ (എൽബിഎസ്ഐടിഡബ്ല്യൂ) ലെ 45 മൂന്നാം വർഷ വിദ്യാർഥിനികളാണ്, എക്സ്പീരിയോൺ ടെക്നോളജീസിന്റെ തിരുവനന്തപുരം കാമ്പസിൽ നടന്ന ഈ പരിപാടിയിൽ പങ്കെടുത്തത്.

പ്രോജെക്ട് മാനേജ്മന്റ്, പ്രോഡക്റ്റ് മാനേജ്മന്റ്, ക്വാളിറ്റി അഷ്വറൻസ്, ഹ്യൂമൻ റിസോഴ്സസ് എന്നീമേഖലകളിൽ നിന്നുള്ള വിദഗ്ദ്ധർ വിദ്യാർഥികളുമായി അനുഭവപരിചയം പങ്കുവച്ചു. ടെക്നോളജി രംഗത്ത് പ്രവർത്തിക്കുന്ന വനിതകളുടെ ശാക്തീകരണത്തിനും അന്യോന്യപ്രചോദനത്തിനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് എക്സ്പീരിയോൺ ഏജിഎം ജയാ നായർ പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com